**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **13.10.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 3006**

**മിന്നൽ പണിമുടക്ക് നേരിടാൻ സംവിധാനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.ദിവാകരൻ : | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളിൽ മിന്നൽപണിമുടക്ക് നേരിടാൻ ഏർപ്പെടുത്തുന്ന സ്ഥിരം സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ജനജീവിതം ദുരിതപൂർണ്ണമാക്കുന്ന മിന്നൽ പണിമുടക്ക് ഒഴിവാക്കുന്നതിനും വേണ്ടി എല്ലാ ജില്ലകളിലും അതാത് ജില്ലാ കളക്ടർ ചെയരമാനായും ജില്ലാ ലേബർ ഓഫീസർ (ജനറൽ) കൺവീനറായും തൊഴിൽ സമാധാന സമിതി രൂപീകരിക്കാൻ തീരുമാനമായതനുസരിച്ച് അതാത് ജില്ലാ പോലീസ് സൂപ്രണ്ട്, അതാത് ജില്ലയിലെ 3 സീനിയർ ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരെ കൂടി ഉൾപ്പെടുത്തി ജില്ലാതല സമാധാന സമിതി രൂപീകരിക്കാൻ 5-7-2011-ലെ സ.ഉ.(സാധാ:) 958/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ ജില്ലകളിലും തൊഴിൽ സമാധാന സമിതി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിന് ആവശ്യമായ ഫണ്ട് ഏത് വകുപ്പിൽ നിന്നാണ് ചെലവിടുന്നത്; ഇതിനായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ എത്ര? | (ബി) ഇതിനുവേണ്ടിയുള്ള ചെലവുകളൊന്നും കണക്കാക്കിയിട്ടില്ലാത്തതിനാൽ പ്രത്യേകമായി ഫണ്ടുകളൊന്നും നീക്കിവച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**